LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ മോഷണങ്ങൾ

124 (794) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കച്ചവട സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകാര്യസ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതുസംബന്ധിച്ച് എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) മൊത്തം എത്ര തുകയുടെ മോഷണകേസുകളാണ് നടന്നിട്ടുള്ളത് ;

(ഡി) മോഷണം പോയ വസ്തുക്കളിൽ എന്ത് തുകയുടെ സാധനങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) വർദ്ധിച്ചുവരുന്ന മോഷണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 628 മോഷണങ്ങൾ.

(ബി) 628 കേസുകൾ.

(സി) 3,40,65,627.50 രൂപയുടെ മോഷണം.

(ഡി) 1,09,05,980 രൂപയുടെ മുതൽ കണ്ടെത്തിയിട്ടുണ്ട്.

(ഇ) മോഷണം തടയുന്നതിനായി രാത്രികാലപട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി, ഫൂട്ട് പട്രോളിംഗ് എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., മുതലായവരുടെ നേതൃത്വത്തിൽ റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ച് മോഷ്ടാക്കളെ കണ്ടെത്തുന്നതിനും നിയമനടപടിക്ക് വിധേയരാക്കിയും വരുന്നു.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കലിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ്

125 (800) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കലിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ടോ ;

(ബി) ഇതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?